സംസ്ഥാനത്തെ ഭൂജലത്തിന്റെ ഉപയോഗവും ഉപഭോഗവും നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് നിലവിലുണ്ട്. ഇതിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ജലനിധി

ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ഭൂജല പരിപോഷണ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കിണറുകളിലെ point recharge, roofwater harvesting, ചെറുകിട തടയണകൾ, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub-surface-dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ഭൂമിയിലേയ്ക്കിറക്കി ജലസ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജലസ്രോതസ്സുകളുടെ സംരക്ഷണം

139 (2348) ശ്രീ. കെ. അച്യുതൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളുടെ സമഗ്രപാരിസ്ഥിതിക സംരക്ഷണത്തിന് ജലസേചന വകുപ്പ് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) ഇതിനായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന ജലസ്രോതസ്സുകളായ കുളങ്ങൾ, കായലുകൾ, പുഴകൾ എന്നിവയുടെ സുസ്ഥിര സംരക്ഷണം ലക്ഷ്യമിട്ട് ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിയനുസരിച്ച് കുളങ്ങളുടെ ജലസംഭരണ ശേഷി വർദ്ധിപ്പിച്ച് സംരക്ഷിക്കുന്ന പ്രവർത്തനം നീർത്തട അടിസ്ഥാനത്തിൽ നിർവ്വഹിച്ചുവരുന്നു. കായലുകളുടെ സമഗ്ര വികസനവും സംരക്ഷണവും ലക്ഷ്യമിട്ട് തയ്യാറാക്കിയിട്ടുള്ള 'മാനേജ്മെന്റ് ആക്ഷൻ പ്ലാൻ' അനുസരിച്ചിട്ടുള്ള പ്രവർത്തനം വഴി കായലുകളെ സംരക്ഷിക്കുന്നതിനു സാധിക്കും, നദികളുടെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

ജലസ്രോതസ്സുകളുടെ ചുറ്റുവട്ടത്തുള്ള അഴുക്കുചാലുകളിൽ നിന്നുള്ള മലിനജലം തടയുന്നതിനുള്ള പദ്ധതികൾ ജലനിധി മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കേരള ജലസേചന ജലസംരക്ഷണ ആക്ട്-2003, സംസ്ഥാന ജലനയം-2008, കേന്ദ്ര ജലനയം-2012, കേന്ദ്ര തണ്ണീർത്തട നിയമം-2010, കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ആക്ഷൻ പ്ലാനുകൾ തുടങ്ങിയവ അനുസരിച്ചുള്ള നടപടികളാണ് ജലസേചന വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നത്. കൂടാതെ, കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, നോട്ടിഫിക്കേഷനുകൾ, സർക്കുലറുകൾ എന്നിവയും അടിസ്ഥാനമാക്കാറുണ്ട്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്ന നയങ്ങളുടെയും അന്താരാഷ്ട്ര കൺവൻഷനുകളിൽ എടുക്കുന്ന തീരുമാനങ്ങളുടെയും അടിസ്ഥാനത്തിലാണ് സമഗ്രവും സുസ്ഥിരവുമായ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് അടിസ്ഥാനമായിത്തീരുന്നത്.

ജലസേചനവുമായി ബന്ധപ്പെട്ട നിർവ്വഹണ വകുപ്പായ 'ജലസേചന വകുപ്പിൻ' കീഴിലെ ചെറുകിട ജലസേചനം/വൻകിട ജലസേചനം വിഭാഗങ്ങൾ പദ്ധതികൾക്ക് രൂപം കൊടുത്ത്, സാമ്പത്തിക ലഭ്യതയനുസരിച്ച് നിർവ്വഹിച്ചുവരുന്നു. കൂടാതെ, നീരൊഴുക്ക്, ജലലഭ്യത തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണം ജലസേചന വകുപ്പിൻ കീഴിലെ 'ഹൈഡ്രോളജി വിഭാഗം' നിർവ്വഹിച്ചുവരുന്നു. ഈ വിവരങ്ങൾ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഉപയോഗപ്പെടുത്തിവരുന്നു.

കൂടാതെ സംസ്ഥാന ഭൂജലത്തിന്റെ ഉപയോഗവും ഉപഭോഗവും നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജല ആക്ട് 2002 നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly